പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 25.06.2014- ൽ മറുപടിക്ക്

നം. 4013

## പുളിങ്കുന്ന് താലൂക്ക് ആശുപത്രി ഗ്രൗണ്ട് പുന:രുദ്ധാരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. തോമസ് ചാണ്ടി | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | പുളിങ്കുന്ന് താലൂക്ക് ആശുപത്രി ഗ്രൗണ്ട് പുന:രുദ്ധാരണത്തിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ട റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | എ) | റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയതിന്റെ പകർപ്പ് അടക്കം ചെയ്യുന്നു. |
| ബി) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി താലൂക്ക് ആശുപത്രിയിൽ അനുവദിച്ച 22 ലക്ഷം രൂപയുടെ ആർ. ഒ. പ്ലാന്റിൽ നിന്നും കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | ബി) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പുളിങ്കുന്ന് താലൂക്ക് ആശുപത്രിയ്ക്ക് അനുവദിച്ച 22 ലക്ഷം രൂപ ആർ. ഒ. പ്ലാന്റ് , കുട്ടനാട്ടിന്റെ ലെയ്സൺ ആഫീസറായ ഡോ. സജിത്തിന് കൈമാറിയിട്ടുണ്ട്. ടി നിർമ്മാണം പൂർത്തിയാവുകയും, വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവല്ല ഇൻസ്പെക്ഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനം (ട്രയൽ-റൺ) ആരംഭിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

നമ്പർ സി1/14138/11

ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)
ആലപ്പുഴ, തീയതി 20/6/2014

പ്രേഷിത
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
ആലപ്പുഴ

PLA

സ്വീകർത്താവ്
ആരോഗ്യ വകുപ്പ് ഡയറക്ടർ
തിരുവനന്തപുരം

സർ

വിഷയം:- പുളിങ്കുന്ന് താലൂക്കാശുപത്രിയുടെ വികസനം സംബന്ധിച്ച്

സൂചന:- 1. താങ്കളുടെ 17/06/11 ലെ പി.എൽ.എ3/60933/11 -ാം നമ്പർ കത്ത്

2. സൂപ്രണ്ട്, താലൂക്കാശുപത്രി, പുളിങ്കുന്നിന്റെ 18/06/14 ലെ ബി 534/11 -ാം നമ്പർ കത്ത്

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പുളിങ്കുന്ന് താലൂക്കാശുപത്രിയിലെ ഗ്രൗണ്ട് മണ്ണിട്ടുയർത്തുന്നതിനും, ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമുൾപ്പടെയുള്ള ആശുപത്രിയുടെ സമഗ്ര വികസനത്തിനായുള്ള പ്രൊജക്ട് ആലപ്പുഴ ജില്ലയിൽ തയ്യാറാക്കിയ സമഗ്ര ആരോഗ്യ പാക്കേജിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുള്ളതാണ്. ബഹു: എം.എൽ.എ ശ്രീ. തോമസ് ചാണ്ടി അവർകൾ നൽകിയ 1,50,000/- രൂപ ഉപയോഗിച്ച് ടി ആശുപത്രിയിലെ വനിതാ-ശിശു വാർഡിന്റെ മുൻവശം മണ്ണിട്ട് ഉയർത്തിയിട്ടുണ്ട്. ടി ആശുപത്രിയിൽ എക്സ്റേ യൂണിറ്റ്, ബ്ലഡ് ബാങ്ക്, കാഷ്വാലിറ്റി വിഭാഗം എന്നിവ അനുവദിച്ചിട്ടില്ല. ആർ.എം.ഒ പോസ്റ്റ് അനുവദിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും, പരിഗണിക്കപ്പെട്ടില്ല. ടി ആശുപത്രിയിൽ കുടിവെള്ള സംവിധാനമൊരു ക്കുന്നതിനായി കുട്ടനാട് പാക്കേജിൽപ്പെടുത്തി 22 ലക്ഷം രൂപ അനുവദിക്കുകയും, അതു പ്രകാരം ആർ.ഒ. പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ടി പ്ലാന്റിന്റെ പ്രവർത്തനം ഒരാഴ്ച യ്ക്കകം ആരംഭിക്കുമെന്നും സൂപ്രണ്ട്, താലൂക്കാശുപത്രി, പുളിങ്കുന്ന് അറിയിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്യുന്നു. സൂപ്രണ്ട്, താലൂക്കാശുപത്രി പുളിങ്കുന്നിൽ നിന്നും മേൽ വിഷയത്തിൽ റിപ്പോർട്ട് ലഭിക്കാൻ കാലതാമസം നേരിട്ടതിനാലാണ് ഈ ആഫീസിൽ നിന്നും മറുപടി യഥാസമയം ലഭ്യമാക്കാൻ കഴിയാതിരുന്നതെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
ആലപ്പുഴ

ആർ:20/6

സെക്ഷൻ ഓഫീസർ